# രാഷ്ട്രീയത്തിനതീതമായി സംഘടന കൂടുതൽ ശക്തിയാർജ്ജിക്കണം

യുഗപ്രഭാവനായ ശ്രീ മന്നത്തുപത്മനാഭനാണ് നായർ സർവീസ് സൊസൈറ്റി എന്ന മഹാപ്രസ്ഥാനത്തിന് രൂപംനല്കി, ജീവിതാന്ത്യംവരെ നേതൃത്വം നല്കുക മാത്രമല്ല, ഇന്നും അദൃശ്യസാന്നിധ്യം കൊണ്ട് നമ്മെ നയിക്കുകയും ചെയ്യുന്നത്.

നായർസമുദായോദ്ധാരണം ലക്ഷ്യംവച്ചു കൊണ്ട് ഒരു നൂറ്റാണ്ടിലേറെക്കാലമായി ഈ സംഘടന പ്രവർത്തിച്ചുവരുന്നു. ഒരു സമുദായസംഘടന എന്നതിലുപരി സമൂഹത്തിന്റെയും രാജ്യത്തിന്റെയും നന്മയ്ക്കും സാമൂഹ്യനീതിക്കും വേണ്ടി പ്രവർത്തിച്ചുവരുന്ന സാമൂഹ്യസംഘടനകൂടിയാണ് എൻ.എസ്.എസ്.

സർവീസ് സൊസൈറ്റിക്ക് രാഷ്ട്രീയമില്ല. എങ്കിൽകൂടിയും, സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം ഒരിക്കൽ അന്നത്തെ എൻ.എസ്.എസ്. നേതൃത്വം പ്രത്യേക യോഗം ചേർന്ന് നാഷണൽ ഡെമോക്രാറ്റിക് പാർട്ടി (എൻ.ഡി.പി.) എന്നൊരു രാഷ്ട്രീയപാർട്ടിക്ക് രൂപം നല്കി. അതുവഴി അന്നത്തെ ഭരണമുന്നണിയിൽ ഘടകകക്ഷിയായി പങ്കുചേരുകയുമുണ്ടായി. എൻ.എസ്.എസ്സും എൻ.ഡി.പി.യുമായി ഔദ്യോഗികബന്ധങ്ങളൊന്നും ഇല്ലായിരുന്നെങ്കിലും കാലക്രമത്തിൽ പാർട്ടിയുടെ പ്രവർത്തനം സമുദായാംഗങ്ങൾക്കിടയിൽ ഭിന്നാഭിപ്രായങ്ങൾക്കിടവരുത്തി. എൻ.എസ്.എസ്സിന്റെ കൂട്ടായ പ്രവർത്തനത്തിന് ഇത് ഗുണകരമാവില്ല എന്നുകണ്ട് എൻ.ഡി.പി. എന്ന രാഷ്ട്രീയപാർട്ടിയുടെ പ്രവർത്തനം അന്ന് നിർത്തിവച്ചിട്ടുള്ളതാണ്. പിന്നീട് രാഷ്ട്രീയരഹിതസംഘടനയായിത്തന്നെയാണ് എൻ.എസ്.എസ്സിന്റെ പ്രവർ ത്തനം തുടരുന്നത്. വിവിധ രാഷ്ട്രീയപാർട്ടികളിൽപ്പെട്ടവരും ഒരു പാർട്ടിയിലും പെടാത്ത നിഷ്പക്ഷമതികളും ഉൾപ്പെട്ട സംഘടനയാണ് എൻ.എസ്.എസ്. രാഷ്ട്രീയത്തിന് അതീതമായി സമുദായാംഗങ്ങളെ ഉൾക്കൊള്ളാൻ സംഘടന തയ്യാറായപ്പോൾ, സംഘടനയ്ക്കുണ്ടായ കെട്ടുറപ്പ് മഹത്തരമായി. മറ്റൊരു സംഘടനയ്ക്കും ഇല്ലാത്ത ഐക്യം സമുദായാംഗങ്ങൾക്കിടയിലും സംഘടനയ്ക്കുള്ളിലും ഇന്നുണ്ടെന്നുള്ളത് അംഗങ്ങൾക്ക് കൂടുതൽ ആത്മവിശ്വാസം പകരുന്നു.

രാഷ്ട്രീയം ഇല്ലെങ്കിൽക്കൂടിയും സാമൂഹ്യനീതിക്കുവേണ്ടിയുള്ള എൻ.എസ്.എസ്. നിലപാടുകളെ ചില മാധ്യമങ്ങൾ രാഷ്ട്രീയവുമായി ബന്ധപ്പെടുത്തി ദുർവ്യാഖ്യാനം ചെയ്യുവാൻ ഇപ്പോഴും ശ്രമിക്കുന്നുണ്ട്. രാഷ്ട്രീയപാർട്ടികളോടും മുന്നണികളോടും ഒരു സത്യം തുറന്നുപറയാതെവയ്യ – ഏതു മുന്നണിയായാലും പാർട്ടിയായാലും നായർസമുദായത്തിനോ അവരുൾപ്പെടുന്ന മുന്നാക്കവിഭാഗങ്ങൾക്കോ, മറ്റുവിഭാഗങ്ങൾക്കു സർക്കാരുകളിൽനിന്ന് ലഭിക്കുന്നതുപോലെയുള്ള അർഹമായ ആനുകൂല്യങ്ങൾ ഒരിക്കലും ലഭിച്ചുകാണുന്നില്ല. അത് വോട്ടുബാങ്കിലൂടെ മറ്റുള്ളവരെ പ്രീണിപ്പിക്കാനുള്ള അവരുടെ കരുതലാണ്; അവിടെ നീതിബോധത്തിന് സ്ഥാനം അവർ കാണുന്നില്ല. ചില പ്രത്യേക സമ്മർദ്ദത്തിന് കീഴ്പ്പെട്ട് നായരുൾപ്പെടുന്ന വിഭാഗത്തിന് സർക്കാരിൽനിന്ന് ആനുകൂല്യങ്ങൾ നല്കേണ്ടിവന്നാലും അതിന്റെ ഗുണം ഉപഭോക്താക്കൾക്ക് വേണ്ടവിധം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഭരണകർത്താക്കൾ ശ്രദ്ധിക്കുന്നില്ല.

ഈ ഭരണകർത്താക്കളെ തിരുത്തുവാൻ പുതിയ രാഷ്ട്രീയനിലപാടുകൾകൊണ്ടൊന്നും കഴിയുകയില്ല എന്ന് വ്യക്തമായിരിക്കുകയാണ്. അതിനു വേണ്ടത് സംഘടനയുടെ ശക്തീകരണമാണ്. അതുകൊണ്ടാണ് നമുക്ക് അർഹമായ അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടി എൻ.എസ്. എസ്സിനെ ശക്തിപ്പെടുത്താൻ സമുദായാംഗങ്ങൾ രാഷ്ട്രീയത്തിനതീതമായി ചിന്തിച്ച് സംഘടനയോടൊപ്പം നില്ക്കണമെന്ന് ആവശ്യപ്പെടുന്നത്.

അതുകൊണ്ടുതന്നെ, ഈ വരുന്ന തിരഞ്ഞെടുപ്പിലും എൻ.എസ്.എസ്. എല്ലാ മുന്നണികളോടും രാഷ്ട്രീയമായി സമദൂരനിലപാടായിരിക്കും സ്വീകരിക്കുക.